**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4242** **28-10-2021 - ൽ മറുപടിയ്ക്ക്**

**യുവസംരംഭകർക്ക് കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കാൻ നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിൽ യുവസംരംഭകർക്ക് കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി വ്യവസായ നയത്തിൽ എന്തൊക്കെ കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | സംരംഭകരാകാൻ താല്പര്യമുള്ള യുവാക്കൾക്കുള്ള പ്രോൽസാഹനവും യുവജനങ്ങൾക്ക് നൈപുണ്യ വികസനം നൽകി തൊഴിൽ യോഗ്യരാക്കി മാറ്റുന്നതും വ്യവസായ വകുപ്പിന്റെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു. ഇത് കൂടാതെ KSIDC മുഖേന യുവ സംരംഭകരുടെ സ്റ്റാർട്ടപ്പുകൾക്ക് 25 ലക്ഷം വരെ സീഡ് ഫണ്ട്, വിവിധ വ്യവസായ മേഖലകളിലെ യുവ പ്രതിഭകൾക്ക് പ്രസ്തുത മേഖലകളുമായി ബന്ധപ്പെട്ട മെന്ററിംഗ് എന്നിവയും നിഷ്കർഷിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന്റെയും മറ്റും ഇൻക്യുബേഷൻ മുതലായ സൗകര്യങ്ങൾ യുവജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് എൻടപ്രെണർ ഡെവലപ്പ്മെന്റ് ക്ലബ്ബുകൾ സ്ഥാപിക്കുമെന്ന് വ്യവസായ നയത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. |
| (ബി) | വിദ്യാർത്ഥികളിൽ സംരംഭകത്വ താൽപ്പര്യങ്ങൾ വളർത്തിയെടുക്കുന്നതിനായി സ്കൂളുകൾ കേന്ദ്രീകരിച്ച് സംരംഭകത്വ പരിശീലന പരിപാടികളോ, പ്രോത്സാഹന പരിപാടികളോ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | വിദ്യാർത്ഥികളിൽ സംരംഭകത്വത്തിനു താല്പര്യം വളർത്തിയെടുക്കുകയും സംരംഭം ആരംഭിക്കുന്നതിന് ആവശ്യമായ പ്രചോദനവും അനുഭവപാഠങ്ങളും പകർന്ന് നൽകി അവരെ തൊഴിൽ അന്വേഷകരിൽ നിന്ന് തൊഴിൽദാതാക്കളാക്കുന്നതിനായി ഹയർ സെക്കൻഡറി തലം മുതൽ എൻടപ്രെണർ ഡെവലപ്പ്മെന്റ് ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ക്ലബ്ബുകൾ വഴി സംരംഭക വികസന പരിപാടികൾ ചെയ്യുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനുമുള്ള പദ്ധതി നിലവിലുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ വഴിയും യുവജനങ്ങൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. കളമശ്ശേരിയിൽ സ്ഥിതിചെയ്യുന്ന കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രെണർഷിപ്പ് ഡെവലപ്പ്മെന്റ് (KIED) ന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സംരംഭകത്വത്തിന്റെ വിവിധ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള |

| | | | |
|---|---|---|---|
| | | | വിവിധയിനം പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. ഇത് കൂടാതെ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകരെ കണ്ടെത്തി വളർത്തിയെടുക്കുന്നതിനായി എൻടപ്രണർ അവയർനെസ് പ്രോഗ്രാമുകളും നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ